DESPATCHED On.04/02/2022

27.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.2880 (4)/19 /എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.4154 /എസ്.ഐ.സി-ജി2/2019 )

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തിയതി: 27.01.2022

ശ്രീ.മിൽട്ടൺ ജോസഫ്,
കുറുപ്പംഭാഗത്ത് ഹൗസ്,
ബി.എം.നഗർ, എടപ്പള്ളി.പി.ഒ.,
കൊച്ചി- 682 024.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
കെ.എസ്.ഇ.ബി,
ഡെപ്യൂട്ടി എഞ്ചിനീയറുടെ കാര്യാലയം,
ഇലക്ട്രിക്കൽ സർക്കിൾ,
പവർഹൗസ് റോഡ്, എറണാകുളം.

എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ,
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്,
ഡെപ്യൂട്ടി എഞ്ചിനീയറുടെ കാര്യാലയം,
ഇലക്ട്രിക്കൽ സർക്കിൾ,
പവർ ഹൗസ് റോഡ്, എറണാകുളം.

## ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 17.11.2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. വിവരങ്ങൾ നൽകുന്നതിൽ ഒന്നും രണ്ടും എതിർ കക്ഷികളുടെ ഭാഗത്തു നിന്നും വീഴ്ച്ച സംഭവിച്ചിട്ടുണ്ടെന്നും, അതിനാൽ ഉത്തരവ് ലഭിച്ച് പതിനഞ്ചു ദിവസത്തിനകം ഹർജിക്കാരൻ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച പരാതിയിന്മേൽ കൈക്കൊണ്ട നടപടികളുടെ വിവരങ്ങൾ രേഖകളുടെ പകർപ്പ് സഹിതം ഹർജിക്കാരന് സൗജന്യമായി ലഭ്യമാക്കേണ്ടതാണെന്നും, അപ്രകാരം വിവരങ്ങൾ ലഭ്യമാക്കാത്തപക്ഷം, ഒരു പരാതിഹർജിയുമായി ഹർജിക്കാരന്

കമ്മീഷനെ സമീപിക്കാവുന്നതാണെന്നും, എസി.പി.ഐ.ഒ യുടെ പേരിൽ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്ന കാര്യം കമ്മീഷൻ അപ്പോൾ പരിഗണിക്കുന്നതാണെന്നും ഉത്തരവിൽ പറഞ്ഞിരുന്നു.

2) ഇതിനുശേഷം അപ്പീൽ ഹർജിക്കാരൻ 01.01.2022 ൽ കമ്മീഷന് പരാതി നൽകി. തന്റെ പരാതിയിൽ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനു പകരം, നേരത്തെ നൽകിയതു പോലെ പരാതിക്ക് ആധാരമായ ഇലക്ട്രിക് കണക്ഷൻ നൽകിയ സാഹചര്യം വിവരിച്ചുകൊണ്ടാണ് മറുപടി നൽകിയതെന്നായിരുന്നു ടി പരാതിയിൽ പറഞ്ഞിരുന്നത്.

3) 04.12.2021 ൽ ഒന്നാം എതിർകക്ഷി അപ്പീൽ ഹർജിക്കാരന് അയച്ച കത്തിന്റെ പകർപ്പും കമ്മീഷന് ലഭ്യമാക്കിയിട്ടുണ്ട്. അതിൽ അപ്പീൽ ഹർജിക്കാരൻ ആരോപിക്കുന്നതു പോലെ, ഇലക്ട്രിക് കണക്ഷൻ നൽകിയതിന്റെ സാഹചര്യങ്ങൾ പറയുകയല്ലാതെ, യഥാർത്ഥത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ടിയാന്റെ പരാതിയിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം അറിയിച്ചിട്ടില്ല. ഇത് എതിർക്ഷികളുടെ ഭാഗത്തു നിന്നുള്ള അത്യന്തം ഗുരുതരമായ വീഴ്ച്ചയും, വിവരാവകാശ നിയമത്തോടും, കമ്മീഷനോടും ഉള്ള അവഹേളനവുമായി മാത്രമേ കാണാൻ കഴിയു. ഒരു ഉദ്യോഗസ്ഥനും, എന്തിന്റെ പേരിലാണെങ്കിലും, നിയമത്തിനു മുകളിൽ എന്തെങ്കിലുമൊക്കെ ചെയ്തു കളയാം എന്ന അഹങ്കാരം അംഗീകരിച്ചുകൊടുക്കാൻ കഴിയുന്നതല്ല. അതുകൊണ്ട്, ഇത്ര നിരുത്തരവാദപരവും നിയമവിരുദ്ധവുമായി പ്രവർത്തിച്ച ഒന്നാം എതിർകക്ഷിയെ (പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യെയും, നിലവിലെ എസ്.പി.ഐ.ഒ യെയും) വിവരാവകാശ നിയമത്തിന്റെ 20(1) വകുപ്പു പ്രകാരം ശിക്ഷിക്കാൻ കമ്മീഷൻ തീരുമാനിക്കുന്നു. ശിക്ഷ ഏർപ്പെടുത്താതിരിക്കാൻ എന്തെങ്കിലും കാരണങ്ങളുണ്ടെങ്കിൽ ആയത് ഈ കക്ഷികൾ മടക്കത്തപാലിൽ തന്നെ കമ്മീഷനെ അറിയിക്കേണ്ടതാണ്. വിശദീകരണമൊന്നും ലഭിക്കുന്നില്ലായെങ്കിൽ, ഇക്കാര്യത്തിൽ

കുടുതൽ ഒന്നും ടി കക്ഷികൾക്ക് ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ശിക്ഷ വിധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. മേൽപ്പറഞ്ഞ പ്രകാരം ഇന്നേ ദിവസം 27.01.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

Va